# മഴയുടെ കനിവ് തേടി

ലണ്ടൻ ഡയറി–6

**കാരൂർ സോമൻ, ലണ്ടൻ**

ഒരു മഴ ചാറിയാൽ ഇത്രയൊക്കെ സംഭവിക്കുമെന്ന് ഇന്നലെയാണ് മനസ്സിലായത്. ലണ്ടൻ നഗരവും പരിസരപ്രദേശങ്ങളും ഒരു പ്രേതനഗരം പോലെ... ആളൊഴിഞ്ഞ സബ്‌വേ, ട്രാഫിക്ക് ബ്ലോക്കാവുന്ന നിരത്തുകളിൽ വല്ലപ്പോഴുമെത്തുന്ന ഒരു ഡബിൾ ഡക്കർ, ടാക്സികളെയൊന്നും കാണാനേയില്ല, തിരക്കേറിയ മാർക്ക് ആൻഡ് സ്പെൻസറിന്റെ മാളിൽ പോലും വിരലിൽ എണ്ണാവുന്നവർ മാത്രം. മഴ പെയ്തതാണ് പ്രശ്നം. ലണ്ടൻകാർ ശരിക്കും മഴയെ പേടിച്ചു തുടങ്ങിയിരിക്കുന്നു.

വേനൽമഴ കനക്കുമെന്ന് കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ് കൂടിയായതോടെ സകലരും മുറിക്കകത്തു തന്നെ ഇരിപ്പായി. ഒളിമ്പിക്സ് അല്ല ഒളിമ്പ്യൻ അന്തോണി ആദം വന്നെന്നു പറഞ്ഞാലും മുറി വിട്ടിറങ്ങുന്ന പ്രശ്നമില്ലെന്നുറപ്പിച്ച മട്ടായിരുന്നു പലരും. ടൂറിസ്റ്റുകളെയും മഴപ്പേടി പിടികൂടിയതോടെ, നിരത്തുകളിൽ ശ്മശാനമൂകതയായി. മഴ വന്നാലത്തെ അവസ്ഥ കഴിഞ്ഞ മാസം ലണ്ടൻ നിവാസികൾ ശരിക്കും അനുഭവിച്ചതാണ്. ഈസ്റ്റ്ഹാമിലും ഇപ്പോൾ ഒളിമ്പിക്സ് വില്ലേജ് നിൽക്കുന്ന സ്റ്റാർട്ട്ഫോഡിലും വെള്ളക്കെട്ട് സൃഷ്ടിച്ചത് വൻ പ്രതിസന്ധിയായിരുന്നു. അതുകൊണ്ടാവാം ഷോപ്പിങ് മാളുകളും തീയേറ്ററുകളും റസ്റ്ററന്റുകളും നിരത്തുകളുമെല്ലാം ഒഴിഞ്ഞു തന്നെ കിടന്നു. പത്തു ലക്ഷത്തോളം പേർ ഒഴുകി നടക്കുമെന്നു പറഞ്ഞിടത്ത് പത്തു പേരെ കാണാഞ്ഞപ്പോൾ ഒരു മഴ വന്നാൽ ഏതു ലണ്ടനിലെയും കാര്യം ഇങ്ങനെ തന്നെ എന്നു തോന്നിപ്പോയി. തലേന്നു രാത്രി പരിചയപ്പെട്ട റഷ്യൻ മാധ്യമസുഹൃത്ത് നുവാൻ പെട്രോവ്സ്കി ലണ്ടൻ ബ്രിഡ്ജ് അണ്ടർഗ്രൗണ്ട് സ്റ്റേഷനിൽ നിന്നു വിളിച്ചു. അയാളുടെ മുറി ഇംഗ്ലീഷ് കേൾക്കാൻ രസമുണ്ട്. യുഎസ് നീന്തൽ താരം മൈക്കിൾ ഫെൽപ്പ്സ് സ്വർണം നേടിയ വാർത്ത പറഞ്ഞു ബോധ്യപ്പെടുത്താനുള്ള ശ്രമമാണ്. അവരുടെ പത്രങ്ങൾ ഫെൽപ്പ്സിന്റെ നേട്ടത്തെ അത്ര വലിയ സംഭവമാക്കി കൊടുക്കില്ലെത്രേ. തന്നെയുമല്ല ഏറ്റവും കൂടുതൽ സ്വർണം നേടിയ ഫെൽപ്പ്സ് മറികടന്നത് റഷ്യൻ ജിംനാസ്റ്റിനെയുമാണല്ലോ. മൂന്നു ഒളിമ്പിക്സുകളിലായി 15 സ്വർണം, രണ്ടു വെള്ളി, രണ്ടു വെങ്കലം– ഫെൽപ്പ്സ് ഒരു അസാധാരണ മനുഷ്യൻ തന്നെ. നുവാൻ വിളിച്ചത് പ്രധാനമായും മഴയുടെ കാര്യം അറിയാനാണ്. അയാൾക്ക് കാലാവസ്ഥ വകുപ്പിന്റെ അറിയിപ്പുകൾ കാര്യമായി പിടികിട്ടുന്നില്ല. ലണ്ടനിൽ പോകേണ്ടി വന്നാലും ഇംഗ്ലീഷ് പഠിക്കില്ലെന്ന വാശിയുടെ ഫലം.

തുറന്ന വേദികളിലെ മത്സരങ്ങളെയെല്ലാം തന്നെ മഴ ബാധിക്കുമെന്നുറപ്പായി. രാവിലത്തെ മൂടിക്കെട്ടിയ അന്തരീക്ഷമല്ല, ഉച്ചകഴിഞ്ഞ് ഉണ്ടാവുമ്പോൾ. ഗ്രീൻവിച്ച് പാർക്കിൽ അശ്വാഭ്യാസ പ്രകടനമുണ്ട്. ലണ്ടൻകാരുടെ പ്രിയപ്പെട്ട അഭ്യാസമാണത്. കുതിരകളുമായുള്ള അവരുടെ ആജന്മസൗഹൃദം കാണേണ്ടതു തന്നെയാണെന്നു ബ്രിട്ടീഷ് എയർവേസിൽ ജോലി നോക്കുന്ന മലയാളി ജോൺ കുരുവിള പറഞ്ഞു. ബ്രിട്ടീഷ് എയർവേസ് ഒളിമ്പിക്സിന്റെ മുഖ്യ സ്പോൺസർമാരിൽ ഒരാളാണ്. അവർ തങ്ങളുടെ ജീവനക്കാർക്ക് ഫ്രീ ടിക്കറ്റ് കൊടുക്കുന്നുണ്ട്. അതും വിഐപി ടിക്കറ്റ്. എനിക്ക് ഇക്യുസ്റ്റേറിയൻ മത്സരങ്ങളോട് ഒരു താത്പര്യവുമുണ്ടായിരുന്നില്ല. തന്നെയുമല്ല, മഴയും തണുപ്പും ചതിച്ചാലോ എന്ന ഭയവുമുണ്ടായിരുന്നു. വേമൗത്ത്, ഡോർസെറ്റ് എന്നിവിടങ്ങളിൽ മഴയക്ക് സാധ്യതയെന്ന മുന്നറിയിപ്പ് ഫോണിൽ വന്നപ്പോഴേയ്ക്കും ഞാൻ ഒളിമ്പിക്സ് വില്ലേജിലേക്ക് തന്നെ മടങ്ങാൻ തീരുമാനിച്ചു.

ടാക്സിയിലിരിക്കുമ്പോഴാണ് റിവർബാങ്ക് അരീനയിൽ ഹോക്കി മത്സരങ്ങൾ കാണാമെന്നു തീരുമാനിച്ചത്. അവിടെ നിന്നൊരു സുഹൃത്ത് വിളിക്കുന്നു. നെതർലൻഡ്സ്–ജപ്പാൻ മത്സരമാണ്. ചെന്നിറങ്ങിയപ്പോൾ തന്നെ മഴ ചാറി തുടങ്ങി. നേരം പത്തു മണി കഴിഞ്ഞിട്ടും സൂര്യൻ ഉദിച്ചിട്ടില്ല. എവിടെയും മങ്ങിയ വെളിച്ചം മാത്രം. അതിനിടയ്ക്ക് മഴക്കാറു കൂടി വന്നാലോ? വെളിച്ചക്കുറവ് പലേടത്തും പ്രശ്നമാകും. സുഹൃത്തിന്റെ കൈയിൽ രണ്ടു കുടയുണ്ടായിരുന്നു. രണ്ടും ഫുള്ളി ട്രാൻസ്പെരന്റ്. പ്രസ് ബോക്സിലെത്തിയപ്പോഴേയ്ക്കും തണുപ്പടിച്ചു തുടങ്ങി. കാലാവസ്ഥ പ്രതികൂലമായാൽ അത് ഒളിമ്പിക്സിനെ ബാധിക്കുമെന്നു വ്യക്തം. കഴിഞ്ഞയാഴ്ച ആദ്യം 30 ഡിഗ്രിയിലെത്തിയ ചൂട് ഇപ്പോൾ ഇരുപതിൽ താഴെ മാത്രം.

മത്സരം പകുതിയായതോടെ ഈസ്റ്റ്ഹാമിലേക്ക് ഞങ്ങൾ ഒരു ടാക്സിയെടുത്തു. അപ്പോഴേയ്ക്കും മഴ ആർത്തലച്ചു പെയ്തു തുടങ്ങിയിരുന്നു. അവിടെ ഒരു ശ്രീലങ്കൻ റസ്റ്ററന്റിൽ കയറിയിരിക്കുമ്പോൾ ഇരിപ്പിടങ്ങളിൽ ഏറിയ പങ്കും ഒഴിഞ്ഞു കിടക്കുന്നതു കണ്ടു. മാനേജർ ഗുണശേഖരൻ ലങ്കയിലെ ക്യാൻഡി സ്വദേശിയാണ്. അയാൾ പറഞ്ഞു, ഒളിമ്പിക്സിനു വേണ്ടി ലക്ഷക്കണക്കിനു പൗണ്ടാണ് റസ്റ്ററന്റിൽ ഇൻവെസ്റ്റ് ചെയ്തിരിക്കുന്ന്. കഴിക്കാൻ ആളു വന്നില്ലെങ്കിൽ പൂട്ടി നാട്ടിലേക്കു വിമാനം കയറുകയേ രക്ഷയുള്ളു... എല്ലാ പ്രതീക്ഷകളും ലണ്ടന്റെ സൂര്യകിരീടത്തിനു മുകളിൽ പറക്കുന്ന മഴമേഘങ്ങളെ ആശ്രയിച്ചാണ് നിൽക്കുന്നത്. അവിടെ മഴയുടെ രൂപത്തിൽ ഒരു വെള്ളിടി വീണാൽ തീർന്നു, സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ പവറും പകിട്ടും.